ST THOMAS FORANE PARISH BULLETIN

# സാന്തോം മെസഞ്ചർ

## SANTHOME MESSENGER

Vol: 48 / Issue: 5 Nov.-Dec. 2022



Merry Christmas

& Happy New Year

ST THOMAS DIOCESAN PILGRIM CENTRE


MUTUAL FUNDS
Sahi Hai
JOSEPH MATHEW
9686532005
AMFI REGISTERED MUTUAL FUND DISTRIBUTOR
PARTNERS
HDFC MUTUAL FUND
Nippon india Mutual Fund
Wealth sets you free
SBI MUTUAL FUND
A PARTNER FOR LIFE
CANARA ROBECO Mutual Fund
L&T Mutual Fund
DSP MUTUAL FUND
ADITYA BIRLA CAPITAL
Mutual Funds
FRANKLIN TEMPLETON INVESTMENTS
ICICI PRUDENTIAL MUTUAL FUND


Bluepen
COMPLETE
MEDICAL SUBJECTS
LEARNING
MBBS
BDS
MDS
PG-Doctor
BAMS
NURSING
BHMS
Interactive Tuitions – Anticipated University Exam Paper (70% Predicted Questions)
Paper Evaluation & Guidance to score well - Doctor's Notes.
Conceptual Learning - Exam Oriented Sessions.
The Best way to connect with Doctors & Learn.
www.BluepenOnline.com
+91 - 63 6631 1818 +91 - 81 0504 2828

# സാന്തോം മെസഞ്ചർ

## SANTHOME MESSENGER

St Thomas Forane Church - Parish Bulletin
Dharmaram College, Bangalore - 560029

Vol: 48 / Issue: 5 / Nov. - Dec 2022

CONTENTS

ഇടയനാദം 02
Message 03
Editorial 04
Trustees' Desk 05
Church News 08
Diocese News 10
Youth Corner 11
Photo Gallery 13
ഇടവക വാർത്തകൾ 20
Catechism Corner 24
Upcoming Events 26

Editorial Board

**Printed & Published by**
Rev. Fr. Cyriac Madathil CMI
Vicar, St. Thomas Forane Church
Mob. : 9605963021

**Chief Editor**
Fr Jithu Thottiyil CMI
Asst. Vicar
Mob. : 7012525386
E-mail : jithucmi@gmail.com

**Associate Editor**
Fr Lijo Thekkanathu CMI
Asst. Vicar
Mob. : 9746805457
E-mail : lijotcmi@gmail.com

**Editorial Board**
Mrs. Sweetha Mary Rejy
Mrs. Prameela Varghese
Mrs. Mini Thomas
Mr. Joy Kottackal
Mr. Anil Joy (Trustee in Charge)

**Layout Design & Printing**
Matha Printers
Tel : 9886809060
E-mail : mathaprints@gmail.com

ഇടയനാദം



# പുൽക്കൂട്: ദൈവത്തിന്റെ അടയാളം

പുൽത്തൊഴുത്തിലെ ജനനം യേശുവിന്റെ എളിമയെ അവതരിപ്പിക്കുന്നതോടൊപ്പം ദൈവത്തെ തിരസ്കരിക്കുന്ന ദൈവജനത്തിന്റെ മനോഭാവത്തെകൂടി പ്രതീകാത്മകമായി അവതരിപ്പിക്കുന്നുണ്ട്.

ഏശയ്യ 1 : 3 വിവരണം ശ്രദ്ധിക്കാം
''കാള തന്റെ ഉടയവനെ അറിയുന്നു
കഴുത തന്റെ യജമാനന്റെ പുൽത്തൊട്ടിയും
എന്നാൽ ഇസ്രായേൽ അറിയുന്നില്ല
എന്റെ ജനം മനസ്സിലാക്കുന്നില്ല''

കാളയും കഴുതയും പോലും സൃഷ്ടാവിനെ തിരിച്ചറിഞ്ഞു വണങ്ങുമ്പോഴും ദൈവത്തിന്റെ സ്വന്തം ജനത്തിന് ദൈവത്തെ തിരിച്ചറിയാൻ കഴിഞ്ഞില്ലെന്ന (യോഹ 27: 1-11) വിരോധാഭാസം കൂടി ഈ വചനത്തിൽ സ്പഷ്ടമാണ്.

പുൽക്കൂട് നൽകുന്ന ഈ തിരുത്തൽ ഉൾക്കൊള്ളാൻ നാം പരാജയപ്പെടുന്നു. അപരന്റെ ദാരിദ്ര്യത്തെ അവഗണിച്ച് സ്വന്തം വീടിന് മോടി കൂട്ടാൻ ലക്ഷങ്ങൾ ചെലവാക്കുമ്പോൾ പുൽക്കൂടിന് തീ പിടിക്കുന്നു. വലിയ വീടിനു മുമ്പിൽ ക്രിസ്തുമസ് നാളിൽ ഉണ്ടാക്കേണ്ട കടലാസുശില്പം മാത്രമായി പുൽക്കൂട് മാറുമ്പോൾ ബെത്ലെഹം കേഴുന്നു. അപരന്റെ ദുഃഖങ്ങൾക്കു നേരെ സത്രം സൂക്ഷിപ്പുകാരനെപ്പോലെ വാതിലുകൾ കൊട്ടിയടക്കുന്ന നമ്മിൽനിന്ന് പുൽക്കൂടുകൾ കണ്ണെത്താദൂരത്തേക്ക് നീങ്ങിപ്പോകുന്നു.

ആരെയെങ്കിലും ലോകം സ്നേഹിക്കുന്നെങ്കിൽ അത് പുൽക്കൂട് ഹൃദയത്തിൽ സൂക്ഷിക്കുന്നവരെയാണ്. ആട്ടിടയന്മാരെപ്പോലെ, പൂജരാജാക്കന്മാരെപ്പോലെ പരിശുദ്ധ മറിയത്തെയും വിശുദ്ധ യൗസേപ്പിനെയും പോലെ ഹൃദയത്തിൽ പുൽക്കൂട് പേറുന്നവരാകാം. ഉണ്ണീശോ അനുഗ്രഹിക്കട്ടെ.

# വർഷാവസാനം – പുതുവർഷം

ഏശയ്യാ പ്രവാചകനിലൂടെ കർത്താവ് പറയുന്നു: ''ഉണർന്ന് പ്രശോഭിക്കുക; നിന്റെ പ്രകാശം വന്നുചേർന്നിരിക്കുന്നു. കർത്താവിന്റെ മഹത്വം നിന്റെ മേൽ ഉദിച്ചിരിക്കുന്നു.'' (ഏശയ്യാ 60 : 1)

ഓരോ വർഷത്തിന്റെ അവസാനവും ആ മഹത്വം തിരിച്ചറിയാനുള്ള നിമിഷങ്ങളാണ്. ഓരോ പുതുവത്സരവും ഉണർന്ന് പ്രശോഭിക്കുവാനുള്ളതാണ്. ഓരോ ജനുവരിയും ഒത്തിരി പുത്തൻ തീരുമാനങ്ങളുടെ മാസമാണ്. ജനുവരിക്കുശേഷവും ആത്മാവിനെ അൾത്താരയാക്കുന്ന ചില നന്മകളുടെ കൂമ്പാരങ്ങളുമായി, പുണ്യങ്ങളുടെ ശേഷിപ്പുമായി ഈ പുതുവർഷത്തിലേക്ക് കടക്കാം.



പുഞ്ചിരിച്ചുകൊണ്ട് നമ്മൾ പറയാറില്ലേ 'ഹാപ്പി ന്യൂ ഇയർ' ആ ഹാപ്പിനെസ് ജീവിതത്തിൽ നിറഞ്ഞു നിൽക്കട്ടെ.

സസ്നേഹം
സിറിയക് മഠത്തിലച്ചൻ
ഫൊറോനാ വികാരി

# CELEBRATE THE REASON OF THIS SEASON!!!

MESSAGE

"What can God deny us when He has not denied us His Son?"- St.Alphonsus.

December is the most awaited month of the year, filled with colours, jingles gifts and memories. It is the season of love, peace and Joy with the feasting of music, colours, Santa and cribs. Yes, it is the time to celebrate the perfect love of God. A season happened because of one Yes of a virgin, one thoughtfulness of a just man in the Bible, the story of poor shepherds, and so many humble people in the salvation history of God. The birth of Jesus was a historical moment that divided humanity's story into two divisions, which twisted the destiny of fallen humans. Christmas is the story of everything being possible for God, a season that is celebrated with the conglomeration of many symbols. The first symbol is the Star, which we keep from the first of December; it tells the significance of being the light in the darkness of life to others. If you are filled with the true light of God, then you can inspire many hearts to the favourable shores of light. Secondly, Christmas is the season of celebrating relations.

Because it was the most prominent relationship God ever began in this world by sending his son to humanity, and thus he became one among us. Our Christmas friends and greeting cards and wishes add more meaning to the need to celebrate relations in this season of love. Thirdly, it is a season of celebrating simplicity. Because God chooses the form of a baby to enter this world for its salvation. It is the celebration of simplicity and poverty that Mary of Nazareth and her Joseph underwent at the time of the birth of Jesus. So let us also celebrate the unfathomable love of God towards us by loving our fellow beings, being the stars to show the lights, and being the reason for the smile on others faces. For that, lets us prepare ourselves with the help of mamma Mary and St. Joseph. Let us celebrate Jesus, the reason for this season, in our thoughts, deeds and being.

Wish you all a Merry Christmas and a Happy New year

Fr. Lijo Thekkanath CMI
Asst. Parish Priest &
Catechism Director





# ഞാൻ എന്ന നക്ഷത്രം

EDITORIAL

വീട്ടുകാരുമൊത്ത് പാതിരാകുർബാനയ്ക്ക് അണിഞ്ഞൊരുങ്ങി, ആർത്തുല്ലസിച്ച് നടന്നുപോകുന്ന ഓർമ്മ ക്രിസ്തുമസ് നൽകുന്ന ഏറ്റവും നല്ല ഓർമ്മകളിലൊന്നാണ്. വഴിനീളെ ചിരിച്ചാർത്തു നിൽക്കുന്ന നക്ഷത്രങ്ങൾ. വെളുപ്പ്, ചുവപ്പ്, മഞ്ഞ, നീല നക്ഷത്രം ഇല്ലാതെ എന്തു ക്രിസ്തുമസ്.

നക്ഷത്രം ഒരു സൂചനയാണ്. ജാഗ്രതയുടെ ചിഹ്നം. ഉണർവ്വിന്റെ, സ്നേഹത്തിന്റെ അടയാളം. ലോകം മുഴുവൻ പ്രകാശം നൽകുവാൻ ക്രിസ്തു എന്ന താരകം ഉദിച്ചുയർന്ന ദിനമാണ് ക്രിസ്തുമസ്. പിന്നീട് തിരുമുറിവുകളിൽനിന്നെല്ലാം പ്രകാശം പരത്തുന്ന ഒരു ചുവന്ന നക്ഷത്രമായി അവൻ കുരിശിൽ തൂങ്ങികിടന്നു. നമ്മുടെയൊക്കെ ചുറ്റും കണ്ണീരണിഞ്ഞ പുഞ്ചിരിയോടെ നിൽക്കുന്ന എല്ലാ വിശുദ്ധ നക്ഷത്രങ്ങളും ഈ ക്രിസ്തുമസ് രാവിൽ നമുക്കോർക്കാം. സാധിക്കുമെങ്കിൽ നിങ്ങളുടെ വീട്ടിലെ നക്ഷത്രമായി ഈ വർഷം നിങ്ങൾതന്നെ മാറുക. പുതിയൊരു നക്ഷത്രത്തിന്റെ ആഗമനത്തിനായി വീട്ടിൽ ചിലർ ഇരുട്ടത്ത് കാത്തിരിക്കുന്നുണ്ടെന്നറിയുക.

‘എന്റെ വീട്ടിൽ ഇത്തവണ
ഒരു കറുത്ത നക്ഷത്രം’
എന്ന് കവി എഴുതി.

സുഹൃത്തേ,

ഇത്തവണയും കടമെടുത്ത വർണ്ണകാഴ്ചകൾക്കപ്പുറത്ത് അദൃശ്യമായ ഒരു കറുത്ത നക്ഷത്രം തന്നെയാണോ തൂക്കുവാൻ പോകുന്നത്. നിങ്ങൾ നക്ഷത്രമായി മാറിയില്ലെങ്കിൽ പിന്നെയാരാണ് നിങ്ങളുടെ വീട്ടിൽ നക്ഷത്രമായി മാറുക? ഏവർക്കും പ്രകാശം നൽകുന്ന നക്ഷത്രമായി നമുക്ക് മാറാം. ഏവർക്കും ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും ഒരായിരം ആശംസകൾ



**Fr Jithu Thottiyil CMI**
Asst. Vicar

# TRUSTEES' DESK

എത്രയും സ്നേഹം നിറഞ്ഞ ഇടവകാംഗങ്ങളെ,

നാമെല്ലാവരും ഭക്തിനിർഭരമായ നോമ്പുകാലത്തിലേക്ക് കടന്നിരിക്കുകയാണല്ലോ. എല്ലാവർക്കും മംഗളവാർത്താകാലത്തിന്റെ ആശംസകൾ!

ഡിസംബർ മാസം ആഗതമായിരിക്കുന്നു. നമ്മുടെ ഇടവകയിലും ഉണ്ണിയേശുവിന്റെ തിരുനാൾ ആഘോഷങ്ങൾക്ക് തുടക്കമായി. എല്ലാ വർഷവും പോലെ ഭക്തിനിർഭരമായി ആഘോഷിക്കാൻ നമ്മുടെ ഇടവക തയ്യാറെടുത്തിരിക്കുകയാണ്.

തിരുപ്പിറവി വെറും ആഘോഷങ്ങളിൽ മാത്രം ഒതുങ്ങാതെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുവാൻ തിരുസഭ ആഗ്രഹിക്കുന്നു.

ഈ വർഷം നമ്മുടെ സഭ, വിശപ്പിന്റെ വർഷമായി ആചരിക്കുകയാണല്ലോ. ഈ ക്രിസ്തുമസിന് നമ്മുടെ ഇടവകയിൽ ആരും വിശന്നിരിക്കാൻ പാടില്ലാത്തതിനാൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ ക്രിസ്മസ് കിറ്റ് നൽകുന്ന വിവരം നിങ്ങളെ സ്നേഹപൂർവ്വം അറിയിക്കുകയാണ്. എല്ലാ വാർഡ് കൗൺസിലർമാരും നേതൃത്വം ഏറ്റെടുത്ത് വിജയകരമാക്കുക.

ഇടവകയുടെ നേതൃത്വത്തിൽ നടക്കുന്ന ആഘോഷങ്ങളിൽ എല്ലാ ഇടവകാംഗങ്ങളുടെയും സഹായസഹകരണവും പ്രാർത്ഥനയും പ്രതീക്ഷിക്കുന്നു.

സസ്നേഹം
ട്രസ്റ്റിമാർ


Mr Biju George
(Chief Trustee)


Mr Anil Joy
(Trustee)


Mr Biju M.K.
(Trustee)


Mr Dixon
Arangassery(Trustee)


Mr Mathew K Joseph
(Trustee)


Mr Vijeesh Lazar
(Trustee)

## SANTHOME BOOK STALL CHRISTMAS COLLECTIONS













ബ്ര. പോൾ ജോയി മണ്ഡപത്തിൽ

# ക്രിസ്തുമസ് ഒരു ഓർമ്മപ്പെടുത്തൽ

ക്രിസ്തുമസ് ആഘോഷത്തിന്റെയും, ആനന്ദത്തിന്റെയും ദിനം. മഞ്ഞു പെയ്യുന്ന രാവിൽ മാലാഖമാരുടെ സംഗീതം നിറഞ്ഞു നിൽക്കുന്ന ഈ ഡിസംബറിൽ ഇതാ വീണ്ടും ഒരു ക്രിസ്തുമസുകൂടി വരവായി. സ്നേഹം, മണ്ണിൽ മനുഷ്യനായി പിറന്നതിന്റെ ഓർമ്മ ദിനം വിണ്ണിൽ മാലാഖമാർ ഇടവിടാതെ ഉണ്ണിക്ക് സ്തുതി ഗീതങ്ങളാൽ താരാട്ടുപാടുന്ന സുന്ദര ദിനം. ഓരോ ക്രിസ്തുമസുകളും മനോഹരമായ ഒരു പിടി ഓർമ്മകൾ ബാക്കി വയ്ക്കുന്നുണ്ട്. ഒത്തുചേരലിന്റെയും പാതിരാ കുർബ്ബാനയുടെയും കരോളിന്റെയും നോമ്പുവീടലിന്റെയും, സമ്മാനങ്ങളുടെയും, മധുരം പങ്കുവയ്ക്കലിന്റെയും മധുരിക്കുന്ന ഓർമ്മകൾ.

എങ്കിലും ഇതിനെല്ലാം ഉപരിയായി ഒരു ഓർമ്മപ്പെടുത്തൽ ക്രിസ്തുമസ് നമുക്ക് നൽകുന്നില്ലേ? മനസ്സിൽ ഉയർന്ന ഈ ഒരു ചോദ്യത്തിനുത്തരം എന്നിലേയ്ക്കു തന്നെ എത്തിയിരിക്കുന്നു. ഓരോ ക്രിസ്തുമസിനും ഒരു പുതുജനനം എനിക്കു ആവശ്യമാണെന്ന മഹത്തായ ഒരു ഉത്തരം. അതെ ഓരോ ക്രിസ്തുമസ് ദിനവും ഒരു പുതു ജനനത്തിന്റെ ഓർമ്മപ്പെടുത്തൽ നൽകുന്നുണ്ട്; രക്ഷകനെക്കുറിച്ച് പ്രഘോഷിക്കുന്ന മാലാഖയായും, രക്ഷകനിലേയ്ക്കുള്ള മാർഗ്ഗദീപമായ നക്ഷത്രമായും, രക്ഷകനു പിറക്കേണ്ട കാലിത്തൊഴുത്തായും പുതുജന്മം പ്രാപിക്കാനുള്ള ഒരു ഓർമ്മപ്പെടുത്തൽ.

പുതുജനനത്തിന്റെ ഓർമ്മപ്പെടുത്തൽ ക്രിസ്തുമസ് നൽകുമ്പോൾ ഇന്നിന്റെ ലോകത്ത് അത് എത്രമാത്രം ക്ലേശകരമാണെന്നുള്ളത് യാഥാർത്ഥ്യമാണ്. ജീവിത വ്യഗ്രതയിൽ അകപ്പെട്ട് നീച പ്രവർത്തികൾക്ക് അടിമപ്പെട്ടു കൊണ്ടിരിക്കുന്ന ഒരു ലോകം. സുഖലോലുപതയ്ക്കു മുകളിൽ ജീവിതം കെട്ടിപ്പൊക്കാൻ ശ്രമിക്കുന്ന ഒരു കൂട്ടം ആളുകൾ ചെയ്തു കൂട്ടുന്ന നീചപ്രവർത്തികൾ കൺമുന്നിൽ കെടാതെ നിൽക്കുന്ന തീ നാളമാകുന്നു. അടങ്ങാത്ത ആഗ്രഹങ്ങൾ പലപ്പോഴും നമ്മെ അപകടത്തിലാഴ്ത്തുന്നു. കലുഷിതമായ ഈ ലോകത്തിൽ രക്ഷകനെ പ്രഘോഷിക്കുവാനും ആ കാലിത്തൊഴുത്തിലേയ്ക്ക് അനേകരെ ആനയിക്കുവാനും നമുക്ക് കടമയുണ്ട് എന്നുള്ളവലിയൊരു സന്ദേശം ക്രിസ്തുമസ് നമുക്കു നൽകുന്നുണ്ട്. ഒരു തിരിഞ്ഞു നോട്ടം അതിന് ആവശ്യമായി വരുന്നു. എന്നിലേയ്ക്കു തന്നെയുള്ള ഒരു തിരിഞ്ഞു നോട്ടം.

രക്ഷകനെ പ്രഘോഷിക്കുന്ന മാലാഖായാവണമെങ്കിൽ എന്റെ അധരങ്ങൾ അവിടുത്തേയ്ക്ക് സ്തുതി പാടുന്നവയാവണം. വിണ്ണിൽ മാലാഖമാർ രക്ഷകനു നിരന്തരം സ്തുതികൾ ആലപിക്കുമ്പോൾ മണ്ണിൽ അതെന്റെ കടമയാണെന്നുള്ള ബോധ്യം പ്രധാനപ്പെട്ടതാണ്. നിരന്തരം പ്രാർത്ഥിക്കുന്ന ഒരു ഹൃദയം എന്നിലുണ്ടോ എന്ന

താവണം ആത്മശോധന. ക്ഷമയെന്ന പുണ്യത്താൽ ഹൃദ യത്തെ അലങ്കരിക്കണം. എന്റെ പ്രവർത്തികളും ജീവിത രീതി കളും, രക്ഷകൻ ജനിച്ചു വീണകാലിത്തൊഴുത്തിലേയ്ക്ക് മറ്റുള്ളവരെ ആനയിക്കുന്ന മാർഗ്ഗദീപമാകണം. അതിന് ദൈവ വചനത്തിലൂടെയുള്ള ഒരു യാത്ര ഈ ക്രിസ്തുമസ് ദിനത്തിൽ ആവശ്യമാണ്.. വചനത്തിലൂടെ ലോകത്തിൽ രക്ഷകനെ പ്രഘോഷിച്ച്, പ്രാർത്ഥനയിലൂടെയും പ്രവർത്ത നങ്ങളിലൂടെയും മറ്റുള്ളവരെ ഉണ്ണിയേശുവിലേയ്ക്ക് അടുപ്പിച്ച് ഒരു മാലാഖയായി, നക്ഷത്രമായി പുതുജീവൻ പ്രാപിക്കുവാൻ ഈ ക്രിസ്തുമസ് ദിനം ഓർമ്മപ്പെടുത്തുകയാണ്.

കുടുംബങ്ങൾ പുൽക്കൂടുകളായി രൂപപ്പെടേണ്ട ദിനങ്ങളാണ് ക്രിസ്തുമസ് ദിനങ്ങൾ. ശാന്തിയുടേയും, സമാധാനത്തിന്റെയും സന്ദേശം വിളിച്ചോതുന്ന ക്രിസ്തുമസ് ഓർമ്മപ്പെടുത്തുകയാണ്, കുടുംബങ്ങളിൽ ശാന്തിയും, സമാധാനവും നിറയ്ക്കേണ്ടതി ന്റെ ആവശ്യകതയെപ്പറ്റി. കാലി ത്തൊഴുത്തിൽ പിറന്നവൻ ലോകത്തിന്റെ രക്ഷകനായി തീരുന്നത് ഒരു അത്ഭുതക്കാഴ് ചയാണ്. ഒന്നുമില്ലായ്മയിൽനി ന്നും എല്ലാത്തിന്റെയും ഉടയവ നായിത്തീർന്ന ലോക രക്ഷകൻ. തന്റെ മകനു കേവലം ഒരു പുൽക്കൂട്ടിൽ പിറക്കേണ്ടി വന്നാലോ എന്ന ഖേദം ഒരിക്കൽ പോലും പരി ശുദ്ധ അമ്മയുടെയും വിശുദ്ധ യൗസേപ്പിതാവിന്റെയും ജീവി തത്തിൽ പ്രകടമായിരുന്നില്ല. കാലിത്തൊഴുത്തിൽ പിറന്നവൻ മൂലം കുടുംബം തിരുക്കുടും ബമായി മാറുന്ന മനോഹര കാഴ്ച കണ്ണുകൾക്ക് എന്നും ആനന്ദം പകരുന്നു. കുടുംബം ഒരു തിരുക്കുടുംബമായി മാറണമെങ്കിൽ സ്വഭവനത്തിൽ ഒരു പുൽക്കൂടു നിർമ്മിക്കണം. സ്നേഹത്താലും, ഒരുമയാ ലും, സാഹോദര്യത്താലും അലങ്കരിക്കപ്പെട്ട മനോഹരമായ ഒരു പുൽക്കൂട് . ആ പുൽക്കൂട് ഒരിക്കലും പൊളിച്ചു നീക്കപ്പെടേണ്ടതല്ല. മറിച്ച് രക്ഷകനുവേണ്ടി എന്നേക്കുമായി പണി തീർത്ത പുൽക്കൂടായി രിക്കണം. കുടുംബമാകുന്ന പുൽക്കൂട്ടിൽ നിന്നായിരിക്കണം ഓരോ ക്രിസ്തുമസിന്റെയും കരഘോഷങ്ങൾ ആരംഭി ക്കേണ്ടത്.

വിശേഷണങ്ങൾക്കതീതമാണ് 'ക്രിസ്തുമസ്'. 'എളിമപ്പെടലി ന്റെ ദിനം' എന്ന വിശേഷണം ക്രിസ്തുമസിന് ഉചിതമാണെന്നു തോന്നുന്നു. ലോകരക്ഷകനു വന്നു പിറക്കുവാൻ ദൈവം ഒരുക്കിവച്ചത് വെറുമൊരു കാലി ത്തൊഴുത്ത്. രാജാധിരാജന്റെ ജനനത്തിന് സാക്ഷ്യം വഹിച്ചത് കുറച്ചു പശു കിടാങ്ങൾ മാത്രം. ജനനത്തി ലൂടെ തന്നെ എളിമപ്പെടലി ന്റെയും, സ്വയം ശൂന്യമാകലി ന്റെയും ഗുണപാഠം പകർന്നു നൽകുന്ന ലോകരക്ഷകൻ. വെറുമൊരു കാലിത്തൊഴുത്തിൽ വൈയ്ക്കോലിന്റെ ചൂടേറ്റുറങ്ങുന്ന ഉണ്ണിയേശുവി നെ കണ്ടു വണങ്ങാൻ കൈ നിറയെ വിലയേറിയ സമ്മാനങ്ങളും, സുഗന്ധ ദ്രവ്യങ്ങളുമായി മൂന്നു രാജാക്കന്മാരെത്തി. എളിമപ്പെടലിലൂടെ, വെറുമൊരു കാലിത്തൊഴുത്ത് രാജകൊട്ടാരമായി മാറുന്ന സുന്ദരമായ കാഴ്ച. ഓരോ ക്രിസ്തുമസ് ദിനവും സ്വയം എളിമപ്പെടേണ്ടതിന്റെ ഒരു ഓർമ്മപ്പെടുത്തൽ നൽകുന്നു.

നസ്രത്തിന്റെ പുൽക്കൂട്ടി ലേയ്ക്ക് കണ്ണോടിക്കുമ്പോൾ രാജാക്കന്മാർ അർപ്പിച്ച കാഴ്ച വസ്തുക്കൾ എനിക്കും ഒരു വിചി ന്തനത്തിനു കാരണമാകുന്നു, ഞാനും ലോകരക്ഷകനു കാഴ്ച കൾ അർപ്പിക്കേണ്ടവനല്ലേ. വിലകൂടിയ സമ്മാനങ്ങളേക്കാ ളും, സുഗന്ധ ദ്രവ്യങ്ങളേക്കാളും ഉപരിയായി എന്താണ് ഞാൻ കാഴ്ച്ചനൽകേണ്ടത് എന്ന ചിന്ത എത്തിനിൽക്കുന്നത് ക്രിസ്തുമസ്സിന്റെ മറ്റൊരു നിർവ്വചനം. ക്രിസ്തുമസ് എന്നാൽ ആഘോഷത്തിന്റെ മാത്രം ദിനമല്ല, മറിച്ച് സ്നേഹത്തിന്റെ പങ്കുവയ്ക്കലി ന്റെ ത്യാഗത്തിന്റെ സമയം കൂടെയാണ്. എന്താണ് ഞാൻ രക്ഷകന് നൽകേണ്ട കാഴ്ച്ചകൾ എന്ന് ഓർമ്മപ്പെടുത്തുന്ന മനോഹരമായ നിർവ്വചനം

ഒടുവിൽ പാതിരാകുർബ്ബാനയും കരോളും, നോമ്പുവീടലും, ആഘോഷങ്ങളും അവസാനി പ്പിച്ച് തണുപ്പേറ്റ് ഉറങ്ങുന്ന വേളയിൽ ഒരു ചിന്ത ഉയരുന്നു. ഓരോ ക്രിസ്തുമസ്സുകളും ഓർമ്മപ്പെടുത്തലുകളിലൂടെ ചില ചോദ്യങ്ങൾ ഉയർത്തുന്നില്ലേ? ഞാനും ഒരു കാലിതൊഴുത്തായി മാറേണ്ടതല്ലേ? എന്റെ ജീവി തവും ആരംഭിക്കേണ്ടത് ഒരു കാലിതൊഴുത്തിൽ നിന്നല്ലേ? രക്ഷകൻ ജനിച്ചു വീണ അതേ കാലിതൊഴുത്തിൽ നിന്ന്.

# CHURCH



## ആത്മീയ അഹങ്കാരം അപകടകരം

ദൈവത്തിനു പകരം സ്വന്തം അഹത്തെ ആരാധിക്കുന്നതിലേക്കു നയിക്കുന്ന അപകടകരമായ കാര്യമാണ് ആത്മീയ അഹങ്കാരം. നാം എപ്രകാരം ആയിരിക്കുന്നു എന്നതിനേക്കാൾ എപ്രകാരം കാണപ്പെടുന്നു എന്നതിനു ശ്രദ്ധ കൊടുക്കാനുള്ള പ്രലോഭനം ഉണ്ടാകുന്നു. ആത്മരതിയുടെ കെണിയിൽ നാം പെട്ടുപോകുന്നു. ''ഞാൻ'' ഒരുപാടു കൂടുതലാകുമ്പോൾ ദൈവം അതനുസരിച്ചു കുറഞ്ഞു പോകുന്നു.

നാട്യങ്ങളില്ലാതെ നമ്മെ ദൈവത്തിങ്കലേക്ക് എത്തിക്കുവാൻ യഥാർത്ഥമായ വിനയം സഹായിക്കുന്നു. നമ്മുടെ ഹൃദയങ്ങളെ ഭാരപ്പെടുത്തുന്ന മുറിവുകളും പാപങ്ങളും ദുരിതങ്ങളും സഹിതം ദൈവത്തിന്റെ കാരുണ്യം നാം അഭ്യർത്ഥിക്കുകയും അവിടുന്നു നമ്മെ സുഖപ്പെടുത്തുകയും ചെയ്യുന്നു. അവനാണു നമ്മെ ഉയർത്തുന്നത്, നമ്മളല്ല. വിനയത്തോടെ നാം എത്രയധികമായി താഴോട്ടിറങ്ങുന്നുവോ അത്രയധികമായി ദൈവം നമ്മെ മുകളിലേക്ക് ഉയർത്തും. ദൈവത്തിങ്കലേക്ക് ഉയരുവാൻ നാം നമുക്കുള്ളിൽ താഴേക്കിറങ്ങേണ്ടതുണ്ട്. നമ്മുടെ ഹൃദയത്തിൽ ആത്മാർത്ഥതയും വിനയവും വളർത്തേണ്ടതുണ്ട്.

(സെന്റ് പീറ്റേഴ്സ് അങ്കണത്തിൽ ത്രികാല പ്രാർത്ഥനയ്ക്കൊടുവിൽ നൽകിയ സന്ദേശത്തിൽ നിന്ന്)

ചരിത്രത്തിലെ ദാരുണ നിമിഷത്തിൽ, ഐക്യത്തിന്റെയും സംവാദത്തിന്റെയും അടയാളമായി ഫ്രാൻസിസ് മാർപാപ്പയുടെ സന്ദർശനം

മാർപാപ്പ നവംബർ 3 മുതൽ 6 വരെ ബഹ്റൈനിൽ മനാമ, അവാലി നഗരങ്ങൾ സന്ദർശിച്ചു. 'സംവാദത്തിനുള്ള ബഹ്റൈൻ ഫോറം: കിഴക്കും പടിഞ്ഞാറും തമ്മിൽ സഹവർത്തിത്വം' എന്ന പരിപാടിയിൽ അദ്ദേഹം പങ്കെടുത്തു. ബഹ്റൈൻ നാഷണൽ സ്റ്റേഡിയത്തിൽ വി.കുർബാനയും സേക്രഡ് ഹാർട്ട് സ്കൂളിൽ യുവജനങ്ങളുമായി കൂടിക്കാഴ്ചയും നടത്തി.

'പിരിമുറുക്കങ്ങളും എതിർപ്പുകളും സംഘർഷങ്ങളുംകൊണ്ടു മുഖരിതമായ ഒരു ലോകത്തിൽ' മാർപാപ്പയുടെ ബഹ്റൈൻ സന്ദർശനവും അവിടെ അദ്ദേഹം പങ്കെടുത്ത പരിപാടികളും 'ഐക്യത്തിന്റെയും കെട്ടുറപ്പിന്റെയും സമാധാനത്തിന്റെയും സന്ദേശമാണെന്ന്' സ്റ്റേറ്റ് സെക്രട്ടറി കർദ്ദിനാൾ പിയെത്രോ പരോളിൻ, ഒസ്സെർവത്താരെ റൊമാനോയ്ക്കും




വത്തിക്കാൻ റേഡിയോക്കും വത്തിക്കാൻ ന്യൂസിനും നൽകിയ അഭിമുഖത്തിൽ പറഞ്ഞു.

## പൗരസ്ത്യ സഭകൾക്ക് പുതിയ തലവൻ



ആർച്ച്ബിഷപ്പ് ക്ലോഡിയോ ഗുഗെറോത്തിയെ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ പൗരസ്ത്യ സഭകളുടെ പുതിയ പ്രീഫെക്ട് ആയി നിയമിച്ചു. സ്ഥാനമൊഴിയുന്ന കർദ്ദിനാൾ ലിയോനാർഡോ സാന്ദ്രിയ്ക്ക് പകരമായിട്ടാണ് പുതിയ നിയമനം.

## നമ്മുടെ പ്രത്യാശ കവർന്നെടുക്കാൻ പിശാചിനെ അനുവദിക്കരുത്

അതിനാൽ നമുക്ക് സകലത്തിനും ദൈവത്തെ സ്തുതിക്കാം. വാർദ്ധക്യത്തിനും, യൗവ്വനത്തിനും, രോഗത്തിനും ആരോഗ്യത്തിനും, 'ശരത്കാലത്തിലായിരിക്കുന്ന' സമൂഹങ്ങൾക്കും, 'വസന്ത'കാലത്തിലായിരിക്കുന്നവയ്ക്കും എല്ലാത്തിനും. സാരവത്തായ കാര്യം, തിന്മ നിറഞ്ഞവൻ (ദുഷ്ടാരൂപി) നമ്മുടെ പ്രത്യാശ കവർന്നെടുക്കാൻ അനുവദിക്കാതിരിക്കുക എന്നതാണ്. പിശാചു ചെയ്യുന്ന ഒന്നാമത്തെ പ്രവൃത്തി പ്രത്യാശ കവർന്നെടുക്കുക എന്നതാണ്. അതിനാൽ അവൻ അത് നമ്മുടെ കരങ്ങളിൽനിന്ന് തട്ടിയെടുക്കുന്നു, എപ്പോഴും. സുവിശേഷാത്മക ദാരിദ്ര്യം, പ്രത്യാശ നിറഞ്ഞതാകയാൽ, കർത്താവ് ശിഷ്യന്മാരോട് പ്രഖ്യാപിക്കുന്ന സൗഭാഗ്യങ്ങളെ ആസ്പദമാക്കി: 'ദരിദ്രരെ, നിങ്ങൾ ഭാഗ്യവാന്മാർ, ദൈവരാജ്യം നിങ്ങളുടേതാണ്.' (ലൂക്കാ 6:20).

(കോമൺ ഒബ്സേർവൻസ് സിസ്റ്റേഴ്സിയൻസിന്റെ ജനറൽ ചാപ്റ്ററിൽ പങ്കെടുത്തവരുമായുള്ള അഭിമുഖത്തിൽ നിന്ന്)

# DIOCESE NEWS

## പൗരോഹിത്യ രജതജൂബിലി

ബഹുമാനപ്പെട്ട സജി പരിയപ്പനാലച്ചന്റെ പൗരോഹിത്യ രജതജൂബിലി ബിഷപ്പ്സ് ഹൗസിൽ നവംബർ 19ന് സമുചിതമായി ആചരിച്ചു. അച്ചന്റെ കുടുംബാംഗങ്ങളും സുഹൃത്തുക്കളും ആഘോഷങ്ങളിൽ സംബന്ധിച്ചു.

## പുതിയ നിയമസംഹിത

രൂപതയ്ക്ക്വേണ്ടിയുള്ളപുതിയനിയമസംഹിത തയ്യാറാക്കുന്നതിനുള്ള മീറ്റിംഗ് നവംബർ 21 ന് ബിഷപ്പ്സ് ഹൗസിൽ ചേർന്നു. മുൻ വികാരി ജനറാൾ ജോർജ്ജ് ആലുക്ക അച്ചൻ മീറ്റിംഗിൽ പങ്കെടുത്ത് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി.

## പുതിയ പാസ്റ്ററൽ കൗൺസിൽ

രൂപതയുടെ പുതിയ പാസ്റ്ററൽ കൗൺസിൽ നവംബർ 26 ന് നിലവിൽ വന്നു. ഹുളിമാവ് റീജിയണൽ പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന സമ്മേളനത്തിൽ ഹൊങ്ങസാന്ദ്ര ഇടവകാംഗം ശ്രീ. തോമസ് കളരിക്കൽ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. ഫാ. ജെയിംസ് കുന്നംപടവിൽ **CMF**, ഫാ. ഷിജു പുത്തൻപുരക്കൽ **SJB**, സി, റോസ്‌ലിൻ ജോൺ **SJ**, ശ്രീ. ബിജു ജോർജ്ജ് ശ്രീമതി ഷീജ അലക്സ്, ശ്രീ. ആകാശ് തോമസ് എന്നിവർ സെൻട്രൽ കമ്മിറ്റി അംഗങ്ങളായും തെരഞ്ഞെടുക്കപ്പെട്ടു.

## പിതാവിന്റെ റോം സന്ദർശനം

റോമിലെ വിവിധ ഓഫീസുകൾ സന്ദർശിക്കുന്നതിനായി അഭിവന്ദ്യ സെബാസ്റ്റ്യൻ പിതാവ് നവംബർ 28 ന് പുറപ്പെട്ടു. ജർമ്മനി വഴി ഡിസംബർ 10 ന് തിരികെയെത്തി.

## രൂപതാതല ക്രിസ്തുമസ് ആഘോഷങ്ങൾ

രൂപതാ തലത്തിലുള്ള ക്രിസ്തുമസ് ആഘോഷങ്ങൾ ഡിസംബർ 17, 18, 20 തീയതികളിൽ യഥാക്രമം ബാംഗ്ലൂർ, മണ്ഡ്യ, ഹസൻ എന്നിവിടങ്ങളിൽ വച്ച് നടക്കും.



# YOUTH CORNER



## Yuvajanotsava

Yuvajanotsava 'Springs 2022' was an All Karnataka Youth meet from 22nd to 25th of October. Close to 2000 youth were present for events like Culturals, Peace Rally, Talk Shows, Talent Hunt etc. Being the host church, this meet not only helped us make new friends but also grow as a person and stand strong in any responsibility given.







## Vamos 2022



Vamos 2022 hosted by Holy Family Forane Church, Hongasandra is a yearly sports competition with football (men) and throw ball (women). St Thomas Youth participated and experienced happiness, fun and sportsmanship.

## Smarananjali (All Souls Day Nov. 2)



Smarananjali, remembering the dead and praying for them, took place at St. Thomas Forane Church on the 2nd of November 2022. The youth of St. Thomas made the arrangements like candles, guiding the people etc.

## Turn Over



St Thomas Youth participated in the Inter Parish Basket Ball Tournament Turn Over 2022 hosted by Our Lady of Sorrows Church Hebbagodi and won both Overall Championship and Runner Up places. Congratulations to both the teams.

## Thani Nadan Celebration'22 – Ethnic Day

An ethnic day was celebrated by St. Thomas Youth on the 13th of November. Our former youth Mr. Vitas Lazer gave us insight about the early youth of our church.





# DIOCESE BIBLE KALOTSAVAM






























MORIAH MEET










Youth Retreat
MORIAH MEET




# SMARANANJALI (ALL SOULS DAY NOV. 2)
















# MISSION SUNDAY















**9th Std PTA meeting. Last PTA meeting for the year**



STARTT Mentors



STARTT Creative Writing Session



STARTT Mad Ads Competition- 1st prize winners



Carlo Eucharistic Community Hillside Nursing College, Kanakpura



Thanks Volunteers Yuvachanotsava



**Santhome Book Stall New Arrivals**



**Santhome Kinder Field Trip to DVK**



**Monthly krupalaya visit by mathruvedhi**



**Santhome Kinder Fruit Salad Day**



**20th Anniversary & Kudumbasangamam Pithruvedi**



**Opees & Prayer for Departed Souls by Pithruvedi**



**Santhome Professional Forum**



# ഇടവക വാർത്തകൾ

## യുവജനോത്സവ 2022'

ഒക്ടോബർ 22 മുതൽ 25 വരെ ക്രൈസ്റ്റ് സ്കൂളിൽ വച്ച് കർണ്ണാടക യൂത്ത് കൺവെൻഷൻ 'യുവജനോത്സവ 2022' നടക്കുകയുണ്ടായി. കർണ്ണാടകയിലെ വിവിധ രൂപതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് മണ്ഡ്യ രൂപത ആതിഥേയത്വം വഹിച്ച കൺവെൻഷന്റെ നടത്തിപ്പിന് അകമഴിഞ്ഞ് സഹകരിച്ച സെന്റ് തോമസ് യൂത്തിനും, മറ്റ് ഇടവകാംഗങ്ങൾക്കും നന്ദി.

## ഫൊറോന ബൈബിൾ കലോത്സവം

ഒക്ടോബർ 9 ന് നടന്ന ഫൊറോന ബൈബിൾ കലോത്സവത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയ സെന്റ് തോമസ് സൺഡേ സ്കൂൾ ടീമിന് അഭിനന്ദനങ്ങൾ. സഹകരിച്ച മാതാപിതാക്കൾക്കും അദ്ധ്യാപകർക്കും പി.ടി.എ. കൗൺസിലിനും വൊളണ്ടിയേഴ്സിനും ഹാർദ്ദമായ നന്ദി.




## ലോഗോസ് ക്വിസ്

കേരള കാത്തലിക് ബൈബിൾ സൊസൈറ്റി നടത്തിയ ലോഗോസ് ക്വിസിൽ പാരീഷ് തലത്തിൽ ഓരോ വിഭാഗത്തിലും ഉയർന്ന മാർക്ക് വാങ്ങിയവരെ ഒക്ടോബർ 23 ന് 9 മണിയുടെ വിശുദ്ധ കുർബാനമദ്ധ്യേ പുരസ്കാരങ്ങൾ നൽകി ആദരിച്ചു.

## സി.എം.എൽ. മിഷൻ റാലി

ഒക്ടോബർ 23 ന് സി.എം.എൽ. ന്റെ നേതൃത്വത്തിൽ മിഷൻ റാലി നടത്തി. ഒക്ടോബർ 30 ന് രൂപതാ സി.എം.എൽ. സംഘടിപ്പിച്ച മിഷൻ റാലിയിൽ നമ്മുടെ സി.എം.എൽ. ടീം മൂന്നാം സ്ഥാനം കരസ്ഥമാക്കി. പങ്കെടുത്തവർക്ക് ഇടവകയുടെ പേരിൽ അഭിനന്ദനങ്ങൾ!



## മിഷൻ സൺഡേ

ഒക്ടോബർ 23 ഞായറാഴ്ച ഇടവകയിൽ മിഷൻ സൺഡേ ആചരിച്ചു. അന്നേ ദിവസം പള്ളിയുടെ പുറത്ത് ഭക്ഷണ സ്റ്റാളുകളും മറ്റും ക്രമീകരിച്ച് മിഷനുവേണ്ടി സംഭാവനകൾ സ്വരൂപിച്ചു. പള്ളിയുടെ മുൻഭാഗത്ത് വച്ച് നടത്തിയ മെഗാലേലത്തിൽ ഇടവകാംഗങ്ങൾ വാശിയോടെ പങ്കുചേർന്നു.



ഒക്ടോബർ 30 ഞായറാഴ്ച വേദപാഠവിദ്യാർത്ഥികൾ മിഷൻ സൺഡേ ആയി ആച

രിച്ചു. ഫ്ളാഷ് മോബ്, മിഷൻ ടാബ്ലോ, മിഷൻ ഗെയിം സ്റ്റാറം, ഫുഡ് സ്റ്റാറം എന്നിവ സംഘടിപ്പിച്ചിരുന്നു. അന്നേ ദിവസം ശേഖരിച്ച വസ്ത്രങ്ങളും മരുന്നുകളും നമ്മുടെ രൂപതയിലെ മിഷൻ പ്രദേശങ്ങളിലെത്തിച്ച് കൊടുത്തു.

### വാർഡുകളിലെ ജപമാല

ഇടവകയിലെ 10 ദിവസത്തെ ആഘോഷമായ ജപമാല ആചരണത്തിനുശേഷം, വിവിധ വാർഡുകളിൽ ഒക്ടോബർ 21 മുതൽ 30 വരെ 10 ദിവസം കുടുംബങ്ങറം ഒന്നുചേർന്ന് ജപമാല ചൊല്ലി പ്രാർത്ഥിക്കുകയും ജപമാല മാസം ഭക്തിയോടെ ആചരിക്കുകയും ചെയ്തു. ഓരോ വാർഡുകളിലെയും കുടുംബാംഗങ്ങറം നിശ്ച യിക്കപ്പെട്ട ഭവനങ്ങളിൽ ഒരുമിച്ചുകൂടുകയും പ്രത്യേക നിയോഗങ്ങളോടെ ജപമാലപ്രാർത്ഥന നടത്തുകയും ചെയ്തു. അവസാനദിവസം ഓരോ വാർഡുകളും ജപമാലപ്രദക്ഷിണവും സ്നേഹവിരുന്നും നടത്തി.

### സകല വിശുദ്ധരുടെയും തിരുനാറം

നവംബർ 1–ാം തിയതി സകല വിശുദ്ധരുടെയും തിരുനാറം ദിനം വൈകിട്ട് 6 മണിക്ക് ആഘോ ഷമായ വിശുദ്ധ കുർബാന ഉണ്ടായിരുന്നു.

### സ്മരണാഞ്ജലി

ഇടവക പള്ളിയിൽ വോറംട്ട് സിമിത്തേരി രൂപീ കരിച്ച് ആദ്യ ഓർമ്മ ദിനമായ നവംബർ 2 ന് സെമിത്തേരികളിൽ നടത്തുന്ന പതിവുള്ള ഒപ്പീസുകറംക്ക് പുറമേ വൈകുന്നേരം 6 മണി യുടെ വിശുദ്ധ കുർബാനയ്ക്കുശേഷം മരിച്ചു പോയവർക്കുവേണ്ടി അവരുടെ ഫോട്ടോ വച്ച് തിരികറം തെളിച്ച് പ്രത്യേക പ്രാർത്ഥന നടത്തി. പ്രവാസികളായ ഇടവകാംഗങ്ങറംക്ക് മരിച്ചു പോയ പ്രിയപ്പെട്ടവരെ അടക്കിയ സ്ഥലത്ത് പോയി നവംബർ 2 ന് പ്രാർത്ഥിക്കുവാൻ അസൗകര്യം ഉള്ളതുകൊണ്ട് അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുവാനും അവരെ നന്ദി യോടെ ഓർക്കുവാനും വരും തലമുറയ്ക്ക് വിശ്വാസ കൈമാറ്റം നടത്തുവാനുമുള്ള അവസരമായിരുന്നു അത്. വോറംട്ട് സിമിത്തേരി യുടെ മുൻഭാഗത്ത് സ്ഥാപിച്ച പ്രിയപ്പെട്ടവരുടെ ഫോട്ടോയ്ക്ക് മുന്നിൽ കത്തിച്ച തിരികറം വച്ച് വലിയ ഒപ്പീസോടുകൂടി പ്രാർത്ഥനാശുശ്രൂഷ നടത്തി ലഘുഭക്ഷണത്തോടെ സ്മരണാഞ്ജലി സമാപിച്ചു. ബഹു. റെജി കൂടപ്പാട്ടച്ചൻ സിമി ത്തേരിയിൽ വചന സന്ദേശം നൽകി.

### ഇടവക പൊതുയോഗം



ഫെബ്രുവരി 11, 12 തിയതികളിൽ ആഘോഷിക്കുന്ന ഇടവകത്തിരുനാളിന്റെ സുഗമ മായ നടത്തിപ്പിനുവേണ്ട ക്രമീകരണങ്ങളെപ്പറ്റി ചർച്ചചെയ്യുന്നതിന്, ഇടവക പൊതുയോഗം നവംബർ 6–ാം തിയതി ഞായറാഴ്ച കൂടുകയും വിവിധ കമ്മിറ്റികറം രൂപീകരിക്കുകയും ചെയ്തു.

### സൗജന്യ ഫിസിയോ തെറാപ്പി പരിശീ ലനവും രോഗ നിർണ്ണയ ക്യാമ്പും



സെന്റ് തോമസ് മെഡിക്കൽ ഫോറത്തിന്റെ ആഭി മുഖ്യത്തിൽ സൗജന്യ ഫിസിയോ തെറാപ്പി പരി ശീലനവും രോഗ നിർണ്ണയ ക്യാമ്പും നവംബർ 6–ാം തിയതി സെന്റ് ജോസഫ് ഹാളിൽ വച്ച് നടന്നു.

### Blood Donation Camp

സെന്റ് വിൻസെന്റ് ഡി പോറം സൊസൈറ്റി യുടെ നേതൃത്വത്തിൽ നവംബർ 13 ന് Blood Donation Camp നടത്തി.



## പിതൃവേദി വാർഷികം

പിതൃവേദിയുടെ 20–ാം വാർഷികാഘോഷം നവംബർ 19 ശനിയാഴ്ച 6 മണിയുടെ വിശുദ്ധ കുർബാനയോടെ ആരംഭിച്ചു. തുടർന്ന് സെന്റ് ചവറഹാളിൽവച്ച് കുടുംബസംഗമം നടത്തുകയും സ്നേഹവിരുന്നനോടെ പരിപാടികൾ സമാപിക്കുകയും ചെയ്തു. രൂപതാ വികാരി ജനറാൾ ബഹു. മാത്യു കോയിക്കരയച്ചനും പിതൃവേദി സ്ഥാപകൻ ബഹു. ജോൺ മാരിയൂസ് അച്ചനും പങ്കെടുത്തു.

## രൂപതാ ബൈബിൾ കലോത്സവം

മണ്ഡ്യരൂപത Bible & Catechetics കമ്മീഷന്റെ നേതൃത്വത്തിൽ നവംബർ 20 ന് ജാലഹള്ളി, സെന്റ് തോമസ് ഫൊറോനാ പള്ളിയിൽ വച്ച് നടത്തിയ ബൈബിൾ കലോത്സവത്തിൽ ധർമ്മാരാം സെന്റ് തോമസ് ഫൊറോന മൂന്നാം സ്ഥാനം കരസ്ഥമാക്കി.

## ഗ്രൂപ്പ് മെഡിക്കൽ ഇൻഷുറൻസ് മീറ്റിംഗ്

ഇടവകയിലെ ഗ്രൂപ്പ് മെഡിക്കൽ ഇൻഷുറൻസ് അംഗങ്ങളുടെ ഒരു മീറ്റിംഗ് നവംബർ 26–ാം തിയതി ശനിയാഴ്ച 3.30 മുതൽ 5 മണി വരെ സെന്റ് ചാവറ ഹാളിൽ വച്ച് നടത്തി. ഇൻഷുറൻസ് കമ്പനി പ്രതിനിധികൾ ഈ മീറ്റിംഗൽ സംബന്ധിച്ചു.

## മോറിയ മീറ്റ്

സെന്റ് തോമസ് യൂത്തും സന്തോം പ്രൊഫഷണൽ ഫോറവും ചേർന്ന് പതിനൊന്നാമത് മോറിയ മീറ്റ് ധ്യാനം നവംബർ 26, 27 ശനി ഞായർ ദിവസങ്ങളിൽ പാരീഷ് ഹാളിൽവച്ച് നടത്തി. ധ്യാനത്തിന് ഒരുക്കമായി നവംബർ 12–ാം തീയതി ശനിയാഴ്ച വൈകുന്നേരം 7.30 മുതൽ 8.30 വരെ ദേവാലയത്തിൽ വച്ച് ആരാധനയും കുമ്പസാരവും നടത്തി. പ്രശസ്ത ധ്യാനഗുരു



ഫാദർ ജിനു പള്ളിപ്പാട്ട് അച്ചൻ ധ്യാനം നയിച്ചു. 400 ഓളം യുവജനങ്ങൾ സംബന്ധിച്ചു.

## കാർലോ യൂക്കറിസ്റ്റിക് കമ്മ്യൂണിറ്റി – ക്രിസ്തുമസ് ആഘോഷം

ഫൊറോനയുടെ കീഴിലുള്ള കനകപുര ഹിൽസൈഡ് നഴ്സിങ് കോളേജ് കാർലോ യൂക്കറിസ്റ്റിക് കമ്മ്യൂണിറ്റിയിൽ ക്രിസ്തുമസ് ആഘോഷം നടന്നു. ഫാ.ജെബിൻ മുഖ്യ കാർമ്മികത്വം വഹിച്ചു. കോളേജിലെ വിദ്യാർത്ഥികളും അദ്ധ്യാപകരും പങ്കെടുത്തു.



## ഫൊറോനാ വൈദിക സമ്മേളനം

സെന്റ് തോമസ് ഫൊറോനയുടെ കീഴിലുള്ള ഇടവകകളിലെയും ദിവ്യകാരുണ്യകേന്ദ്രങ്ങളിലെയും വികാരിമാരുടെയും അസി.വികാരിമാരുടെയും സമ്മേളനം നവംബർ 16 ന് കെങ്കേരി, സെന്റ് വിൻസെന്റ് പള്ളിയിൽ വച്ച് നടത്തി.



## അമലോത്ഭവമാതാവിന്റെ തിരുനാൾ

ഡിസംബർ 8–ാം തിയതി, അമലോത്ഭവമാതാവിന്റെ തിരുനാൾ ദിനം വൈകിട്ട് 6 മണിക്ക് ആഘോഷമായ വിശുദ്ധ കുർബാനയും സന്ദേശവും നേർച്ചവിതരണവും ഉണ്ടായിരുന്നു.

## അമ്മദിനം

ഡിസംബർ 17–ാം തിയതി ശനിയാഴ്ച ഇടവകയിൽ അമ്മദിനമായി ആഘോഷിച്ചു. രാവിലെ 9 മണിക്ക് ആരംഭിച്ച പരിപാടി ഉച്ചഭക്ഷണത്തോടെ സമാപിച്ചു.

## ക്രിസ്തുമസ് ആഘോഷങ്ങൾ

നമ്മുടെ ഇടവകയിലെ അമ്മമാരുടെ Christmas Celebration ഡിസംബർ 10–ാം തിയതി ശനിയാഴ്ച ഉച്ചതിരിഞ്ഞ് 2.30 ന് നടത്തി.

- ക്രിസ്തുമസ്സിനോടനുബന്ധിച്ച് സെന്റ് ചാവറ അസോസിയേഷന്റെ നേതൃത്വത്തിൽ Christmas Star Making Competition നടത്തുന്നു.
- ഡിസംബർ 24–ാം തിയതി വൈകിട്ട് 7.30 നുള്ള ദിവ്യബലിയെ തുടർന്ന് വാർഡുകൾക്കായി സെന്റ് ചാവറ അസോസിയേഷൻ സംഘടിപ്പിക്കുന്ന പുൽക്കൂട് മത്സരവും, കരോൾഗാനമത്സരവും ഉണ്ടായിരിക്കും.
- ഡിസംബർ 18–ാം തിയതി ഞായറാഴ്ച 3 മണിക്ക് രോഗികൾക്കും പ്രായമായവർക്കും പ്രത്യേക വിശുദ്ധ കുർബാനയും ക്രിസ്തുമസ് ആഘോഷവും ഉണ്ടായിരിക്കും.
- ഡിസംബർ 19 മുതൽ 22 വരെ ഭവനങ്ങളിലുള്ള രോഗികൾക്കും വാർദ്ധക്യത്തിൽ ആയിരിക്കുന്നവർക്കും വിശുദ്ധ കുർബാന നൽകുന്നതാണ്.
- ഡിസംബർ 18–ാം തിയതി ഞായറാഴ്ച വിവിധ വാർഡുകൾ അണിനിരക്കുന്ന സിറ്റി മെഗാ കരോൾ നടത്തുന്നു. വൈകുന്നേരം 7 മണിക്ക് കൃപാലയയിൽ നിന്ന് ആരംഭിച്ച് ഇടവക ദേവാലയത്തിൽ സമാപിക്കുന്നു.
- ഡിസംബർ 24–ാം തിയതി വൈകുന്നേരം 7.30 ന്റെ വിശുദ്ധ കുർബാനയ്ക്കുശേഷം കൃപാലയ ക്രിസ്തുമസ് Raffle ticket നറുക്കെടുപ്പ് നടത്തുന്നു.
- ക്രിസ്തുമസിനോടനുബന്ധിച്ച് സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ പാവപ്പെട്ട കുടുംബങ്ങൾക്ക് ക്രിസ്തുമസ് ഫുഡ് കിറ്റ് വിതരണം ചെയ്യുന്നു.



### അഭിനന്ദനങ്ങൾ!



മണ്ഡ്യ രൂപത പാസ്റ്ററൽ കൗൺസിൽ Central Committee അംഗമായി തെരഞ്ഞെടുക്കപ്പെട്ട നമ്മുടെ ഇടവകാംഗവും ചീഫ് ട്രസ്റ്റിയുമായ ബിജു ജോർജ്ജിന് അഭിനന്ദനങ്ങൾ!!

### Parish Membership & Youth Identity Card

It is obligatory for Syro-Malabar members who have been staying here for more than 6 months should enlist their names in the respective Syro-Malabar Churches near their place of residence. Especially, the youth should obtain a youth identity card, participate in youth meetings and should take signature of the Director. This will be extremely necessary for issuing any certificates. To obtain a Free State Certificate for marriage, youth identity card is a must and this certificate will be issued only 3 months after obtaining the youth identity card.

## Advertisement in Santhome Messenger

അടുത്ത സാന്തോം മെസഞ്ചറിൽ പരസ്യങ്ങൾ നൽകാൻ താത്പര്യം ഉള്ളവരും; ജന്മദിനം, വിവാഹം, വിവാഹ വാർഷികം, ചരമ വാർഷികം തുടങ്ങിയവയുടെ ഫോട്ടോ ഉൾപ്പെടുത്തുവാൻ ആഗ്രഹിക്കുന്നവരും ജനുവരി 25നകം ഇടവക ഓഫീസിൽ ഏൽപിക്കുക.

Parishioners have the opportunity to include Photos of Birthdays, Marriage, Wedding Anniversary, Death Remembrance, Advertisements etc. for the next Santhome Messenger. Submit the matters in the office before 25th of January.

## CATECHISM CORNER

## PTA MEETING

According to Second Vatican Council, family is the domestic church. While we try to impart catechism to our students, we also keep in mind their families. Parents have a critical role to play in the process of faith formation. We have a robust PTA team that helps us in all the activities. The PTA meeting for classes 1 to 12 were completed with the wholehearted participation from the parents. They were also given a chance to interact with the teachers individually.

## KALOLSAVAM

After a break during the pandemic years, this year we had the much-awaited Bible Kalotsavam. Our team bagged the first prize at the Forane level and third place in the Diocese-level competitions. Our teachers rendered remarkable support in selecting and training the students. More than winning the prizes, our focus was on bringing the children closer to the Bible and instilling faith in them through various competitions. In group events, we secured Margam Kali 3rd, Mime 2nd & Group dance 3rd prizes.

## 1ST SEMESTER EXAM OVER

The first semester exam was successfully conducted. With the dedicated support from our teachers, we were able to complete the evaluation immediately after the exam and finalized the marks on the same day. Marks were shared with the students and improvements were suggested by the respective class teachers.

## CHERUPUSHPA MISSION LEAGUE

The mission league organized many events to strengthen the faith formation of the students. Our Catechism Students organized and took part in the mission rally in our parish on 23rd October. The diocese level rally was held on November 1, and we secured the 3rd prize. The rallies were not only a strong declaration of our faith, but also an occasion for the young missionaries to learn more about the mission activities and initiatives.

The Mission Sunday was held on 30th October and vibrant stalls were arranged by various classes. The food stalls, games and other performances were supported and appreciated by the entire parish community. We were also able to collect a substantial amount for the mission fund.

Our students also participated in the platinum jubilee celebration held at Thotathady, hosted by Belthangady Diocese.



# Upcoming Events

| | |
|---|---|
| Dec. 17, 18 | Confession in preparation for Christmas |
| Dec. 18, Sun | Catechism Christmas Celebration; City Mega Carol<br>Special H. Qurbana Christmas Celebration for the sick & old age people at 3 pm |
| Dec. 19 – 22 | Giving Holy Qurbana to the sick & Senior Citizens @ Home |
| Dec. 24, Sat | 7.30 pm H. Qurbana, Advent Lucky Draw, (Confession), Crib Competition,<br>Carol Singing Competition (Wards) 9.00 pm – 10.30 pm<br>Christmas Celebration<br>Christmas Vigil – 11.30 pm, Procession, Solemn H. Qurbana |
| Dec. 25, Sun | Christmas-7.15 am, 9 am, 11 am, 12.15 pm, 6 pm- Solemn H. Qurbana |
| Dec 28, Wed | Holy Innocents Day |
| Dec. 31, Sat | 3 days devotion of St Chavara Feast begins, 6.00 pm H. Qurbana<br>8.30 pm Adoration; Year end – New Year Prayers, 9.30 pm Solemn H. Qurbana |

**2023 January**

| | |
|---|---|
| Jan. 1, Sun | New Year – Holy Qurbana at 6 am, 7.15 am, 9 am , 11 am, 12.15 pm, 6 pm |
| Jan 3 Tue | St Chavara Feast |
| Jan 8 Sun | First Holy Communion 9.00 am Holy Qurbana |
| Jan 15 Sun | Parish Council Meeting / Forane Vocation Camp |
| Jan 29 Sun | Con-celebration of Newly Ordained Priests who served at St Thomas 6.00pm |
| Jan 22/29 | Ward Day |

**2023 February**

| | |
|---|---|
| Feb 3 Fri | Parish Feast Novena begins, Kodiyettu |
| Feb. 8, 9, 10 | Parish Retreat – Abhishekagni team |
| Feb 11, 12 | Parish Feast |
| Feb 19 Sun | 1st Sunday of Lent<br>Parish Council Meeting<br>Catechism 2nd Semester Exam |
| Feb 20 Mon | Ash Monday |

# കൈനകരിയിലെ കനകതാരം



Jeeva George

കൈനകരിയിലെ കനകതാരത്തിന്റെ പ്രകാശവും മാന്നാനത്തെ മന്ദാരവനികയിലെ പരിമളവും പാരിലെങ്ങും പരത്തിയ പുണ്യചരിതൻ വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ 19-ാം നൂറ്റാണ്ടിലെ കേരള സമൂഹത്തിൽ ജീവിച്ച്, വിദൂരഭാവിയെ മുന്നിൽക്കണ്ട് ആവശ്യകർമ്മ പദ്ധതികൾ ആവിഷ്കരിച്ച് പീഠത്തിൽ കത്തിച്ച വിളക്കുപോലെ അനേകരിൽ പ്രകാശകിരണം ചൊരിഞ്ഞ ക്രാന്തദർശിയായ ആത്മീയാചാര്യൻ, അതാണ് വി. ചാവറയച്ചൻ.

കുട്ടനാട്ടിലെ കൈനകരി എന്ന കായലോരഗ്രാമത്തിൽ 1805 ഫെബ്രുവരി 10ന് ജനിച്ച് നാട്ടുകാരുടെയും വീട്ടുകാരുടെയും കണ്ണിലുണ്ണിയായി വളർന്നു. കുടുംബത്തിൽ മാത്രം ഒതുക്കി നിർത്താനുള്ളതല്ല തന്റെ നല്ല ജീവിതം എന്നു മനസ്സിലാക്കി സേവനത്തിന്റെ വിശാലമായ മേച്ചിൽ പുറങ്ങൾ തേടി വൈദികവൃത്തി അദ്ദേഹം സ്വയം തിരഞ്ഞെടുത്തു. ഒരു പുരുഷായുസ്സിനു ചെയ്യാവുന്നതിലധികം നന്മകൾ സമൂഹത്തിനു നൽകി, പീഠത്തിൽ കത്തിച്ചുവെച്ച വിളക്കുപോലെ. മരിച്ചിട്ടും മനുഷ്യ ഹൃദയങ്ങളിൽ അന്നും ഇന്നും ജീവിക്കുകയാണ് വി. ചാവറയച്ചൻ.

എന്താണ് പ്രിയമുള്ളവരെ ഈ അഴകുള്ള ആത്മാവ് തന്റെ 66 വർഷം മാത്രം നീണ്ടു നിന്ന ജീവിതംകൊണ്ട് ഇവിടെ നിവർത്തിച്ച വിശുദ്ധി?

മരണാനന്തര ആനുകൂല്യങ്ങളോടെ അദ്ദേഹത്തിന്റെ പേരിൽ ചാർത്തപ്പെടുന്ന അദ്ഭുതങ്ങളുടെ അതിശയവൽകൃത കഥകൾ മാറ്റിവയ്ക്കുക, ജീവിച്ച ജീവിതം കൊണ്ട് 1805 മുതൽ 1871 വരെയുള്ള 66 വർഷം പൂർണ്ണമായി തികയാത്ത നാളുകൾകൊണ്ട് ചാവറ കുര്യാക്കോസ് ഏലിയാസ് എന്ന ക്രൈസ്തവ പുരോഹിതൻ, ക്രൈസ്ത്തവ സമൂഹത്തിന്റെ പരിവൃങ്ങൾക്കപ്പുറത്ത്, മലയാളി സമൂഹത്തിന്, മലയാളി സംസ്കാരത്തിന് എന്ത് സംഭാവന നൽകി എന്ന് നാം തിരിച്ചറിയുമ്പോൾ മാത്രമേ ആ വിശുദ്ധിക്ക് നമുക്ക് ഹൃദയംകൊണ്ട് അടിവരയിടാനാകൂ.

വിശ്വാസസംരക്ഷകൻ, വിദ്യാഭ്യാസ വിചക്ഷനൻ, സാമൂഹ്യ പരിഷ്കർത്താവ് സ്ത്രീ മുന്നേറ്റത്തിന്റെ മാർഗ്ഗദീപം, ഉപവിശാലയുടെ ഉപക്ത്താതാവ്, ഉച്ചക്കഞ്ഞി യുടെ ഉദ്ഘാടകൻ... എന്തിന്! കൊവേന്തകളുടെ ഉറപ്പ് ചുമരുകളുടെ കനമല്ല, പിന്നെയോ അതിൽ പാർക്കുന്നവരുടെ എരിവും പുണ്യവുമാണ് എന്ന് പറഞ്ഞ എരിവും പുണ്യവുമുള്ള 'തപോധനൻ' വിജ്ഞാനം വിളക്കാക്കിയ 'ബോധിസത്വൻ' ഇങ്ങനെ നീണ്ടുപോകുന്നു ഈ കർമ്മയോഗിയുടെ ചാവറ മഹിമകൾ....

കള്ളത്തരവും കരിഞ്ചന്തയും അഴിഞ്ഞാടിത്തിമിർക്കുന്ന ഈ കാലഘട്ടത്തിൽ, സത്യത്തിന് പുല്ലുവിലയും, സഹനത്തിന് പുറംപോക്കിലൊരു സ്ഥാനവും ത്യാഗത്തെ തൊഴിച്ചെറിയാനുള്ള പ്രവണതയും സ്നേഹത്തെ തരം താഴ്ത്തി ചിത്രീകരിക്കാനുള്ള തത്രപ്പാടും അനുദിനം വർദ്ധിച്ചു വരുന്ന ഈ കാലഘട്ടത്തിൽ തൊട്ടതെല്ലാം പൊന്നാക്കിയ, സാമൂഹ്യസേവനം മുഖമുദ്രയാക്കിയ ആ ദീർഘദർശിയുടെ ജീവിതം മാതൃകയാണ്.




സങ്കീർണ്ണമായ ജാതി വ്യവസ്ഥയും, തൊട്ടുകൂടായ്മയും

നിലനിന്നിരുന്ന കേരളീയ സംസ്കാരത്തിലെ ഒരു ഇരുണ്ട കാലഘട്ടത്തിലേയ്ക്കാണ് മാറ്റത്തിന്റെ ശംഖൊലി നാദവുമായി ചാവറയച്ചൻ കടന്നു വന്നത്. അവർണ്ണർക്കും സവർണ്ണർക്കും ഒരുമിച്ചിരുന്ന് പഠിക്കാൻ അവസരം നൽകി സംസ്കൃത സ്കൂളിന്റെ സ്ഥാപനത്തിലൂടെയും, ഒരു പള്ളിക്ക് ഒരു പള്ളിക്കൂടമെന്ന ആശയത്തിലൂടെയും കേരളത്തിന്റെ പൊതുവിദ്യാഭ്യാസത്തിന് ചാവറയച്ചൻ അടിത്തറപാകി.

ദരിദ്രരായ കുട്ടികൾക്ക് ഉച്ചക്കഞ്ഞി, സൗജന്യപുസ്തക വിതരണം, ഭാഷാ പഠനത്തിന് ഇംഗ്ലീഷ് സ്കൂളുകൾ, തൊഴിൽ പരിശീലനകേന്ദ്രങ്ങൾ, തുടങ്ങിയവയും ചാവറയച്ചന്റെ സംഭാവനകളാണ്. കുടുംബബന്ധങ്ങൾ സുദൃഢമാക്കുന്നതിനുള്ള പാഠങ്ങൾ ഒരു നല്ല അപ്പന്റെ ചാവരുളിലൂടെ നമുക്ക് പകർന്ന് നൽകി. ഹൃദയത്തിലെ സത്യത്തെ നാവിനാൽ വഞ്ചിക്കാതെ ആ പുണ്യപുരുഷന്റെ കഠിന പ്രയത്നത്തിന്റെ ഫലമായി സ്ഥാപിതമായ മാന്നാനം പ്രസ് മലയാളത്തിലെ ആദ്യത്തെ ദിനപത്രമായ ദീപികയുടെ ഗർഭഗ്രഹം ആണെന്നത് നമുക്ക് അഭിമാനിക്കാം.

കാലഘട്ടത്തിന്റെ അന്ധതയെ തന്റെ ചിന്തയുടെ പ്രകാശംകൊണ്ട് പാവനമാക്കിയ ചാവറയച്ചന്റെ ജീവിതം തന്നെയാണ് അദ്ദേഹം നമുക്ക് നൽകുന്ന സന്ദേശം. അന്യന് ഉപകാരം ചെയ്യാത്ത ഒരു ദിവസം നിന്റെ ആയുസിന്റെ പുസ്തകത്തിൽ ഉണ്ടായിരിക്കരുത് എന്ന വചനം ജീവിതത്തിൽ അന്വർത്ഥമാക്കിയ അദ്ഭുതപ്രതിഭയാണ് വി. ചാവറയച്ചൻ. വരും തലമുറയെ മുൻകൂട്ടികണ്ട് അവർക്കുവേണ്ടി കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ച ഈ കർമ്മയോഗി ഇന്ന് വിശുദ്ധിയുടെ കൂടാരത്തിലെ വെള്ളരിപ്രാവായി നിലകൊള്ളുന്നതിൽ നമുക്ക് അഭിമാനിക്കാം. ആ നല്ല അപ്പന്റെ ചാവരുളുകൾ നമ്മുടെ കർണ്ണപുടങ്ങളിൽ നിരന്തരം മുഴങ്ങട്ടെ.

അതിനാൽ നാഥാ, ഒരു ചുവടുകൂടി മുന്നോട്ട്. മുന്നോട്ടു വെച്ച ചുവട് മുള്ളിലാണെങ്കിലും മുറുകെ ചവിട്ടുവാൻ എന്നെ അനുഗ്രഹിച്ചാലും.







YOUR THOUGHT
OUR DESIGN
CALL NOW
+91 9611921165
# 1063, 7TH A MAIN ROAD,
KORAMANGALA 1A BLOCK
SBI COLONY, KORAMANGALA,
BENGALURU, 560034
Wallpaper
Wooden Flooring
SPC Flooring
Vinyl Flooring
Carpets
Artificial Grass


9036377010
8951092924
L.A.K
LIZY AUNTYS
KITCHEN
CATERING,
MONTHLY MESS &
FOOD SERVICES
#15/A-31, 1ST MAIN, 2ND CROSS,
BALAJI NAGAR, BANGALORE-560029.


Alice
GOLD DIAMONDS PLATINUM
Buy a Beautiful Future!
Instagram
Bangalore:
#50 Dispensary Road
#218/1 Kammanahalli
#15/1 Dickenson Road
CHETTUPUZHA GROUP SINCE 1914
FOUNDER JOSEPH PAUL
+919036724663